എ.വൈ.ആർ

## സൂറ-11

# ഹൂദ്

فَلَمَّا ذَهَبَ عَنْ إِبْرَٰهِيمَ ٱلرَّوْعُ وَجَآءَتْهُ ٱلْبُشْرَىٰ يُجَٰدِلُنَا فِى قَوْمِ لُوطٍ
٧٤

74 പേടി പോവുകയും സുവാർത്ത വരികയും ചെയ്തപ്പോൾ ലൂത്ത് ജനതയുടെ കാര്യത്തിൽ ഇബ്റാഹീം നമ്മോടു തർക്കിച്ചു തുടങ്ങി.

إِنَّ إِبْرَٰهِيمَ لَحَلِيمٌ أَوَّٰهٌ مُّنِيبٌ ٧٥

ഇബ്റാഹീമോ, വളരെ സഹന ശീലനും ദീനാനുകമ്പിയും ദൈവത്തിങ്കലേക്കു മടങ്ങുന്നവനും തന്നെയായിരുന്നു.

يَٰٓإِبْرَٰهِيمُ أَعْرِضْ عَنْ هَٰذَآ ۖ إِنَّهُۥ قَدْ جَآءَ أَمْرُ رَبِّكَ ۖ وَإِنَّهُمْ ءَاتِيهِمْ عَذَابٌ
غَيْرُ مَرْدُودٍ ٧٦

ഒടുവിൽ ദൂതന്മാർ പറഞ്ഞു: അല്ലയോ ഇബ്റാഹീം, അക്കാര്യം വിട്ടുകളയുക. അതിൽ നിന്റെ നാഥന്റെ തീരുമാനം വന്നു കഴിഞ്ഞിരിക്കുന്നു. ആ ജനത്തിന് ആരാലും തടുക്കാനാവാത്ത ശിക്ഷ ഭവിക്കുക തന്നെ ചെയ്യും.

وَلَمَّا جَآءَتْ رُسُلُنَا لُوطًا سِىٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَٰذَا يَوْمٌ
عَصِيبٌ ٧٧

നമ്മുടെ ദൂതന്മാർ ലൂത്തിന്റെ അടുക്കലെത്തിയപ്പോൾ അദ്ദേഹം അവരുടെ കാര്യത്തിൽ വ്യഥിതനും നിസ്സഹായനുമായി, ഇതൊരു മഹാ ദുരിതനാൾ തന്നെ എന്ന് ആത്മഗതം ചെയ്തു.

പരിഭ്രമം, പേടി =اَلرَّوْعُ ഇബ്‌റാഹീമിൽനിന്ന് =عَنْ إِبْرَٰهِيمَ പോയപ്പോൾ =فَلَمَّا ذَهَبَ

സുവാർത്ത, സന്തോഷം =اَلْبُشْرَىٰ അദ്ദേഹത്തിനു വരികയും ചെയ്തപ്പോൾ =وَجَآءَتْهُ

അദ്ദേഹം നമ്മോടു തർക്കിക്കുന്നു(ർക്കിച്ചു തുടങ്ങി) =يُجَٰدِلُنَا

തീർച്ചയായും ഇബ്‌റാഹീം =إِنَّ إِبْرَٰهِيمَ ലൂത്ത് ജനതയിൽ (യുടെ കാര്യത്തിൽ) =فِى قَوْمِ لُوطٍ

ദീനാനുകമ്പി(യും)യായ =أَوَّٰهٌ വളരെ സഹനശീലൻ(നും) =لَحَلِيمٌ

(ദൈവത്തിങ്കലേക്ക്) മടങ്ങുന്നവ(നും)നായവൻ തന്നെ(യായിരുന്നു) =مُّنِيبٌ

(ഒടുവിൽ ദൂതന്മാർ പറഞ്ഞു)അല്ലയോ ഇബ്‌റാഹീം =يَٰٓإِبْرَٰهِيمُ

ഇതിനെപ്പറ്റി (അക്കാര്യം) =عَنْ هَٰذَآ അവഗണിക്കുക, വിട്ടുകളയുക =أَعْرِضْ

വന്നു കഴിഞ്ഞിരിക്കുന്നു =قَدْ جَآءَ എന്തുകൊണ്ടെന്നാൽ (അതിൽ) =إِنَّهُ

തീർച്ചയായും അവർ =وَإِنَّهُمْ നിന്റെ നാഥന്റെ തീരുമാനം, കൽപന =أَمْرُ رَبِّكَ

അവർക്കു വരുന്നതാകുന്നു (വന്നു ഭവിക്കുക തന്നെ ചെയ്യും) =ءَاتِيهِمْ

തട്ടപ്പെടുന്നതല്ലാത്ത (ആരാലും തടയാനാവാത്ത) =غَيْرُ مَرْدُودٍ ശിക്ഷ =عَذَابٌ

നമ്മുടെ ദൂതന്മാർ ലൂത്തിന്റെ അടുത്തു വന്നെത്തിയപ്പോൾ =وَلَمَّا جَآءَتْ رُسُلُنَا لُوطًا

അവരുടെ കാര്യത്തിൽ ദുഃഖിതനായി, വ്യഥിതനായി =سِىٓءَ بِهِمْ

അവരുടെ കാര്യത്തിൽ കൈ കുടുസ്സാവുകയും ചെയ്തു (നിസ്സഹായനുമായി) =وَضَاقَ بِهِمْ ذَرْعًا

ഇത് =هَٰذَا അദ്ദേഹം പറഞ്ഞു (ആത്മഗതം ചെയ്തു) =وَقَالَ

ഒരു(മഹാ)ദുരിതനാൾ തന്നെ =يَوْمٌ عَصِيبٌ

**74,75:** മലക്കുകൾ മനുഷ്യവേഷം ധരിച്ചുവന്നിരിക്കുന്നത് തനിക്കാപത്തണക്കാനല്ല എന്നു ബോധ്യമായപ്പോൾ ഇബ്‌റാഹീമിന്റെ(അ) ഭയമെല്ലാം അകന്നുപോയി. പുത്രലബ്ധിയുടെ സുവാർത്ത ലഭിക്കുക കൂടി ചെയ്തപ്പോൾ സന്തുഷ്ടനാവുകയും ചെയ്തു. സന്തോഷവാർത്ത എന്ന അർഥത്തിലും സന്തോഷം എന്ന അർഥത്തിലും ഉപയോഗിക്കുന്ന പദമാണ് بُشْرَىٰ. ഇവിടെ രണ്ടർഥവും സാധുവാകുന്നു. അതായത് ഭയം പോവുകയും പുത്രലബ്ധിയുടെ സന്തോഷവാർത്ത ലഭിക്കുകയും ചെയ്തു, അല്ലെങ്കിൽ ഭയം മാഞ്ഞു പകരം സന്തോഷം പ്രകടമായി.

സ്വന്തം കാര്യത്തിൽ നിർഭയനും സംതൃപ്തനുമായെങ്കിലും അദ്ദേഹം സ്വസ്ഥനായില്ല. മലക്കുകൾ ലൂത്ത് ജനതയെ നശിപ്പിക്കാൻ പോവുകയാണെന്ന വിവരം അദ്ദേഹത്തെ വേദനിപ്പിച്ചു. അദ്ദേഹം അങ്ങേയറ്റം സഹനശീലനായിരുന്നതോടൊപ്പം തന്നെ അത്യന്തം ആർദ്രചിത്തനുമായിരുന്നു. ആരും പീഡിപ്പിക്കപ്പെടുന്നത് കണ്ടുനിൽക്കാനാവില്ല. എല്ലാവരുടെ വിഷമങ്ങളിലും അദ്ദേഹം സങ്കടപ്പെട്ടു. സഹനവും ആർദ്രതയും കൂടാതെ ഏതുകാര്യവും അല്ലാഹുവിൽ സമർപ്പിക്കുക, അവന്റെ ഇഷ്ടത്തിനു വഴങ്ങുക, വീഴ്ചകളിൽ നിരന്തരം മാപ്പു തേടിക്കൊണ്ടിരിക്കുക എന്നതും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു. താനുയർത്തിപ്പിടിച്ച ആദർശത്തിനുവേണ്ടി നാടും വീടും വിട്ട് ജീവിതാന്ത്യം വരെ ദേശാടകനും പ്രവാസിയുമായി ജീവിച്ചതും 90-ാം വയസ്സിൽ ആറ്റുനോറ്റുണ്ടായ സീമന്ത പുത്രനെ ബലിയറുക്കണമെന്ന ദൈവ കൽപന യാതൊരു ചാഞ്ചല്യവുമില്ലാതെ അനുസരിക്കാൻ സന്നദ്ധനായതും അദ്ദേഹത്തിന്റെ അതുല്യമായ സഹനശീലത്തിന്റെയും ക്ഷമയുടെയും നിദർശനമാകുന്നു. ഇബ്‌റാഹീമിന്റെ ദയാശീലത്തിനുദാഹരണമാണ് ഇവിടെ അനുസ്മരിക്കുന്ന സംഭവവും, തന്നെ ശക്തിയായി നിഷേധിക്കുകയും നാട്ടിൽനിന്ന് എറിഞ്ഞോടിക്കുകയും ജീവിത കാലമത്രയും നാടുകടത്തപ്പെട്ടവനായി കഴിച്ചുകൂട്ടാനിടവരുത്തുകയും ചെയ്ത സ്വപിതാവിനുവേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കാൻ തയാറായ സംഭവവും. ഈ രണ്ടു സംഭവങ്ങളിലും ഒടുവിൽ, അല്ലാഹുവിന്റെ തീരുമാനത്തിനു വഴങ്ങിയത് അദ്ദേഹത്തിന്റെ അല്ലാഹുവിലേക്കുള്ള മടക്കത്തിന്റെയും ഉദാഹരണമാകുന്നു.

حَلِيمٌ أَوَّاهٌ مُّنِيبٌ എന്നാണ് മൂലവാക്യം. ഏറെ ക്ഷമയും സഹനവുമുള്ളവനാണ് حَلِيمٌ. പക്വമതി, വിവേകശാലി എന്നും പ്രയോഗാർഥമുണ്ട്. മറ്റുള്ളവരുടെ യാതനയിൽ സങ്കടപ്പെട്ട് ഹാവൂ, ഹാവൂ എന്നു വിലപിക്കുന്നതിന് تأوه എന്നു പറയുന്നു. അങ്ങനെ സങ്കടപ്പെടുന്നവൻ أَوَّاهٌ. തൗബക്ക് സമാനമായ പദമാണ് إِنَابَة. തൗബ ചെയ്യുന്നവൻ(تائب) എന്ന അർഥത്തിൽ منيب എന്നു പറയുന്നു. സമർപ്പിക്കൽ, ഭരമേൽപിക്കൽ എന്നും إنابة ന് അർഥമുണ്ട്. അതനുസരിച്ച് തന്റെ എല്ലാ കാര്യങ്ങളും അല്ലാഹുവിന് സമർപ്പിക്കുകയും അവന്റെ തീരുമാനം സർവാത്മനാ അനുസരിക്കുകയും ചെയ്യുന്നവനും منيب ആകുന്നു. ഈ ഗുണങ്ങളുള്ള ഇബ്റാഹീം നബി(അ) അല്ലാഹുവിന്റെ  ചങ്ങാതി –ഖലീലുല്ലാഹി– എന്നു വിളിക്കപ്പെട്ടിട്ടുണ്ട്. സാധാരണ ഗതിയിൽ അടിമ അല്ലാഹുവിനോട് തർക്കിക്കുകയില്ല. അപേക്ഷിക്കുകയോ അനുവദിച്ചാൽ ശിപാർശ ചെയ്യുകയോ മാത്രമേ ചെയ്യൂ. ലൂത്ത് നബിയുടെ ജനതയുടെ കാര്യത്തിലുള്ള ഇബ്റാഹീം(അ)ന്റെ ഇടപെടലിനെ അല്ലാഹു അദ്ദേഹം നമ്മോട് തർക്കിക്കാൻ തുടങ്ങി يُجَـٰدِلُنَا എന്ന വാക്കിൽ അവതരിപ്പിക്കുന്നത് ഈ സുഹൃദ് ഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ്. يُجَـٰدِلُنَاക്ക് മുമ്പ് جعل എന്നോ صار എന്നോ ഉള്ള ഒരു അപൂർണക്രിയ നിരുക്തമായിട്ടുണ്ട്. അതുകൊണ്ടാണതിന് തർക്കിച്ചു തുടങ്ങി എന്നഅർഥം ലഭിക്കുന്നത്.

ഇബ്റാഹീം(അ) അല്ലാഹുവിനോട് ഉന്നയിച്ച തർക്കം എന്തൊക്കെയായിരുന്നുവെന്ന് ഖുർആൻ ഉദ്ധരിക്കുന്നില്ല. അതെക്കുറിച്ച് ബൈബിൾ ഉൽപത്തി 18: 23–32 വചനങ്ങൾ പറയുന്നു: എന്നാൽ അബ്രഹാം കർത്താവിന്റെ സന്നിധി വിട്ടുപോയില്ല. അയാൾ കർത്താവിന്റെ അടുത്തേക്ക് ചെന്ന് ചോദിച്ചു: നീ ദുഷ്ടന്മാരോടുകൂടെ ധർമിഷ്ഠന്മാരെയും നശിപ്പിക്കുമോ? ആ നഗരത്തിൽ അമ്പതു ധർമിഷ്ഠരുണ്ടെന്ന് സങ്കൽപിക്കുക. അങ്ങനെയെങ്കിൽ നീ നഗരത്തെ നശിപ്പിക്കുമോ? ആ അമ്പതു ധർമിഷ്ടർ നിമിത്തം എങ്കിലും നീ നഗരത്തെ രക്ഷിക്കയില്ലേ? ദുഷ്ടന്മാരോടു കൂടെ ശിഷ്ടന്മാരെയും സംഹരിക്കുന്നത്, ദുഷ്ടന്മാരുടെ അനുഭവം ശിഷ്ടന്മാർക്കും വരുത്തുന്നത് നിനക്കു ചേർന്നതല്ല. അതു നിനക്കു തീരെ ചേർന്നതല്ല. ഭൂമിയൊക്കെയും വിധികർത്താവായവൻ നീതി ചെയ്യാതിരിക്കുമോ? കർത്താവ് അരുൾ ചെയ്തു: സദോമിൽ അമ്പതു ധർമിഷ്ടരെ നഗരത്തിനുള്ളിൽ കണ്ടെത്തുന്നപക്ഷം അവർക്കുവേണ്ടി ഞാൻ ആ സ്ഥലം മുഴുവൻ രക്ഷിക്കും. അബ്രഹാം പ്രതിവചിച്ചു: നോക്കൂ! കേവലം പൊടിയും ചാരവുമായ ഞാൻ കർത്താവിനോട് സംസാരിക്കാൻ മുതിരുന്നു. പക്ഷെ അമ്പതു ധർമനിഷ്ഠർ വേണ്ടിടത്ത് അഞ്ചുപേർ കുറവുണ്ടെങ്കിൽ ആ അഞ്ചുപേർക്കുവേണ്ടി നീ നഗരത്തെ നശിപ്പിക്കുമോ? കർത്താവ് അരുൾ ചെയ്തു: 'ഇല്ല, നാൽപത്തഞ്ചുപേരെ അവിടെ കാണുന്നപക്ഷം ഞാൻ നഗരം നശിപ്പിക്കുകയില്ല. അബ്രഹാം വീണ്ടും ചോദിച്ചു: 'നാൽപതുപേരെ അവിടെ കാണുന്നുവെങ്കിലോ? അവൻ അരുൾ ചെയ്തു. മുപ്പതുപേരെ അവിടെ കാണുന്നു എങ്കിൽ ഞാൻ അതു നശിപ്പിക്കുകയില്ല. അബ്രഹാം വീണ്ടും സംസാരിച്ചു: ഞാൻ വീണ്ടും കർത്താവിനോടു സംസാരിക്കാൻ മുതിർന്നു. അവിടെ ഇരുപതുപേരെ കാണുന്നെങ്കിലേ? അവൻ അരുൾ ചെയ്തു: ഇരുപതുപേരെ കരുതി ഞാൻ നഗരം നശിപ്പിക്കുകയില്ല'. അബ്രഹാം വീണ്ടും അരുൾ ചെയ്തു: കർത്താവേ എന്നോടു കോപിക്കരുതേ, ഞാൻ ഈ ഒരു പ്രാവശ്യം കൂടി മാത്രമേ സംസാരിക്കൂ. അവിടെ പത്തുപേരെ കാണുന്നെങ്കിലോ? അവൻ അരുൾ ചെയ്തു: ആ പത്തുപേരെ കരുതി ഞാൻ അതു നശിപ്പിക്കുകയില്ല."

ഇബ്രാഹീം നബിയും അല്ലാഹുവും തമ്മിലുള്ള അടുപ്പം എത്ര ദൃഢമായിരുന്നുവെന്നതോടൊപ്പം ശിക്ഷ വിധിക്കപ്പെട്ട സദോമികൾ എന്തുമാത്രം ദുഷിച്ചു കഴിഞ്ഞിരുന്നുവെന്ന് കൂടി സ്പഷ്ടമാക്കുന്നുണ്ടീ സംഭാഷണം.

**76:** ഈ മറുപടി മലക്കുകൾ നൽകിയതായാണ് സന്ദർഭം സൂചിപ്പിക്കുന്നത്. അല്ലാഹു നേരിട്ടു നൽകിയതുമാകാം. മലക്കുകൾ പറഞ്ഞതാണെങ്കിലും അത് അല്ലാഹുവിന്റെ നിർദേശമനുസരിച്ചു തന്നെയാണ്.

ഇബ്റാഹീം നബിയുടെ ഇടപെടലിനെ അല്ലാഹു ആക്ഷേപിച്ചില്ലെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ അപേക്ഷ സ്വീകരിക്കാവുന്നതിന്റെ പരമാവധി സ്വീകരിക്കുന്ന നിലപാടാണ് അല്ലാഹു കൈകൊണ്ടതെന്ന് മുകളിൽ ഉദ്ധരിച്ച സംവാദം വ്യക്തമാക്കുന്നു. 36–ാം സൂക്തത്തിൽ, നൂഹ്(അ) സ്വന്തം പുത്രന്റെ കാര്യത്തിൽ സമർപ്പിച്ച അപേക്ഷക്ക് അല്ലാഹുവിങ്കൽ നിന്നുണ്ടായ വിമർശനാത്മകമായ പ്രതികരണത്തിൽ നിന്ന് വളരെ വ്യത്യസ്തമാണിത്. നൂഹ് നബിയുടെ ആവശ്യത്തെ അറിഞ്ഞുകൂടാത്ത കാര്യത്തിലുള്ള ഇടപെടലാണെന്നും അത് അവിവേകികളുടെ രീതിയാണെന്നും വിമർശിച്ചപ്പോൾ ദീർഘമായ തർക്കത്തിന് ശേഷം ഇബ്റാഹീം നബിയോട് അക്കാര്യം വിട്ടുകളയുക

أَعْرِضْ عَنْ هَٰذَآ എന്നു മാത്രമേ പറയുന്നുള്ളൂ. തുടർന്ന് ആ ശിപാർശ സ്വീകരിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുകയാണ്. ലൂത്ത് ജനതക്ക് അല്ലാഹു ശിക്ഷ വിധിച്ചു കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വിധി നൂറു ശതമാനവും നീതിപൂർവമായിരിക്കും. പുനരാലോചനക്കോ നീക്കുപോക്കിനോ പഴുതുള്ള തീരുമാനങ്ങൾ സർവജ്ഞനും ത്രികാലജ്ഞനുമായ അവൻ കൈക്കൊള്ളുകയില്ല. പ്രവാചകന്റെ ദയാദാക്ഷിണ്യവും ദീനാനുകമ്പയുമൊക്കെ നല്ലതുതന്നെ. പക്ഷെ അതിന്റെ പേരിൽ അല്ലാഹുവിന്റെ നീതിപൂർവമായ വിധി ഭേദപ്പെടുത്താനാവില്ല. ശിക്ഷിക്കപ്പെടാനുള്ള എല്ലാ തെളിവുകളുടെ ന്യായങ്ങളും ലൂത്ത് ജനതയിൽ പൂർത്തിയായിരിക്കുന്നു. ഇനി അവർ ശിക്ഷിക്കപ്പെടാതിരിക്കുന്നതാണ് അന്യായവും അനീതിയുമാവുക. ജനതകൾക്ക് രക്ഷപ്പെടാനുള്ള സന്ദർഭം അവർക്കെതിരെ വിധി പുറപ്പെടുന്നതുവരെയാണ്. അഥവാ ശിക്ഷ അനിവാര്യമായിത്തീരുമ്പോഴേ ശിക്ഷാവിധി പുറപ്പെടൂ. ലൂത്ത് ജനത ഇനി അനിവാര്യമായ ശിക്ഷ അനുഭവിച്ചേ തീരൂ. അതാർക്കും തടയാനാവില്ല. عَذَابٌ غَيْرُ مَرْدُودٍ എന്നാണ് മൂലവാക്യം. നേരത്തെ 65–ാം സൂക്തത്തിൽ وَعْدٌ غَيْرُ مَكْذُوبٍ എന്നു പറഞ്ഞതിനു സമാനമാണിത്. ആർക്കും തടയാനാവാത്ത എന്നപോലെ യാതൊരു നീക്കുപോക്കുമില്ലാത്ത എന്ന ആശയവും കൂടി ഉൾക്കൊള്ളുന്നതാണ് غَيْرُ مَرْدُودٍ എന്ന വാക്ക്.

**77:** ഇബ്റാഹീം നബിയോട് വിട പറഞ്ഞ് മലക്കുകൾ സദൂമിൽ ലൂത്തി(അ)ന്റെ വീട്ടിലെത്തി. അദ്ദേഹവും അവരെ ആദ്യം കരുതിയത് മനുഷ്യരായ അതിഥികളായിട്ടാണ്. അതി സുന്ദരകുമാരന്മാരായിട്ടാണ് മലക്കുകൾ എത്തിയതെന്ന് ചില നിവേദനങ്ങളിൽ പറയുന്നുണ്ട്. സ്വവർഗരതിയിൽ ഭ്രമിച്ചവരായിരുന്നു ലൂത്ത് ജനത. അവരുടെ ഈ മ്ലേഛ വൃത്തിയെകുറിച്ച് *ഖുർആൻബോധനം* സൂറ *അൽ അഅ്റാഫ്* 80,81 സൂക്തങ്ങൾക്കുതാഴെ വിവരിച്ചിരിക്കുന്നു. വീട്ടിൽ അപരിചിതരും അതിസുന്ദരന്മാരുമായ അതിഥികളെത്തിയതു കണ്ട് ലൂത്ത് നബിക്ക് വലിയ പരിഭ്രമമായി. സ്വവർഗഭോഗത്തിൽ അതിരില്ലാത്തവണ്ണം ആസക്തരാണല്ലോ അദ്ദേഹത്തിന്റെ സമുദായം. അപരിചിതരെന്നോ പരിചിതരെന്നോ മുതിർന്നവരെന്നോ കുട്ടികളെന്നോ അതിഥികളെന്നോ നാട്ടുകാരെന്നോ പരസ്യമെന്നോ രഹസ്യമെന്നോ ഉള്ള വ്യത്യാസങ്ങളൊന്നും അവർക്കക്കാര്യത്തിലുണ്ടായിരുന്നില്ല. ആരെ എവിടെ വെച്ചുകണ്ടാലും നിസ്സങ്കോചം പിടികൂടി തങ്ങളുടെ ആസക്തിക്കിരയാക്കുമായിരുന്നു. ഈ ചുറ്റുപാടിൽ വീട്ടിൽ വന്ന അതിഥികളെ എങ്ങനെ നാട്ടുകാരിൽനിന്ന് രക്ഷിക്കും എന്നോർത്ത് അദ്ദേഹം പരിഭ്രമിച്ചു. അദ്ദേഹത്തെ സഹായിക്കാൻ അവിടെ കാര്യമായി ആരുമുണ്ടായിരുന്നില്ല. ധർമിഷ്ഠരായ പത്തുപേരെങ്കിലുമുണ്ടെങ്കിൽ അവരെ കരുതി ആ നാട്ടിനെ ശിക്ഷിക്കുകയില്ലെന്ന് അല്ലാഹു ഇബ്റാഹീം നബിയോടു പറഞ്ഞതിൽനിന്ന് അക്കാര്യം വ്യക്തമാണല്ലോ. ഈ സാഹചര്യത്തിൽ അതിഥികളുടെ കാര്യത്തിൽ ലൂത്ത് നബിക്കുണ്ടാകുന്ന പരിഭ്രമം ഊഹിക്കാവുന്നതാണ്. سِيٓءَ بِهِمْ وَضَاقَ بِهِمْ ذَرْعًا وَقَالَ هَٰذَا يَوْمٌ عَصِيبٌ എന്നാണ് ഇവിടെ അതു ചിത്രീകരിച്ചിരിക്കുന്നത്. ആത്മീയമായും ഭൗതികമായും മനുഷ്യനെ വ്യഥിതനാക്കുന്ന എല്ലാം സംഗതികളെയും ഉൾക്കൊള്ളുന്ന سوأ ൽനിന്നുള്ളതാണ് سِيٓءَ എന്ന ക്രിയ. ഒരു പ്രശ്നത്തിൽ പെട്ട് ദുഃഖിക്കുന്നതിനും മറ്റൊരാളുടെ കാര്യമോർത്ത് പരിഭ്രമിക്കുന്നതിനും ساء به എന്നു പറയും. നേരത്തെ 12–ാം സൂക്തത്തിൽ വന്ന ضائق به صدرك (ضاق به صدره) എന്നതിന്റെ മറ്റൊരു രൂപമാണ് ضاق به ذرعا. അനക്കാനാവാത്ത വണ്ണം ഇടുങ്ങുക എന്നർഥമുള്ള ضيق ൽ നിന്നുള്ള ക്രിയയാണ് ضاق. കരത്തിന്റെ മുട്ടുമുതൽ വിരൽത്തുമ്പു വരെയുള്ള ഭാഗമാണ് ذرع. ഈ ഭാഗം കൊണ്ടാണ് മനുഷ്യൻ എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്. അതനക്കാനാവാതായാൽ അവൻ നിസ്സഹായനായി. ഈയടിസ്ഥാനത്തിലാണ് ضاق ذرعه എന്ന പ്രയോഗമുണ്ടായത്. ضاق به ذرعا എന്നാൽ ഒരു വിഷയം അല്ലെങ്കിൽ വ്യക്തിയെ കൈകാര്യം ചെയ്യുന്നതിൽ നിസ്സഹായനായി എന്നർഥം. ഈ നിസ്സഹായാവസ്ഥയുടെ പ്രകാശനമാണ് ഇന്നൊരു ദുരന്തദിനം തന്നെ എന്ന ആത്മഗതം. يَوْمٌ عَصِيبٌ എന്നാണ് മൂലവാക്ക്. ചൂടേറിയ ദിവസം എന്നും കാർമേഘം തിങ്ങിക്കൂടി ആകാശത്തുനിന്ന് ഒന്നും വെളിപ്പെടാത്തവണ്ണം മൂടിക്കെട്ടിയ ദിവസം എന്നും ഇതിനർഥമുണ്ട്. രക്ഷപ്പെടാൻ മാർഗമില്ലാത്ത വിപത്തണഞ്ഞ ദിവസം എന്ന് പ്രയോഗാർഥം. ■